# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2245 — 08.07.2015-ൽ മറുപടിക്ക്

## പക്ഷാഘാത ചികിത്സ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>,, കെ. അച്ചുതൻ :<br>,, ജോസഫ് വാഴയ്ക്കൻ :<br>,, വി. പി. സജീന്ദ്രൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; എന്തെല്ലാം ചികിത്സാസൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടെലി മെഡിസിൻ സംവിധാനവും, സി.ടി. സ്കാനും നിലവിലുള്ള തിരഞ്ഞെടുത്ത ആശുപത്രികളിലാണ് ആദ്യഘട്ടത്തിൽ ഈ സംവിധാനം ആരംഭിക്കുന്നത്. തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തനമാരംഭിക്കുകയും പത്തനംതിട്ട, മലപ്പുറം (തിരൂർ), കാസർഗോഡ്, ആലപ്പുഴ, കൊല്ലം ജില്ലകളിൽ പ്രവർത്തനം അന്തിമഘട്ടത്തിലാണ്.<br>ഈ കേന്ദ്രങ്ങളിൽ പക്ഷാഘാതം നിർണ്ണയിക്കുകയും പ്രാഥമിക ചികിത്സ (Patient stabilisation) ഉറപ്പാക്കുകയും ചെയ്യുന്നു. തലച്ചോറിൽ രക്തം കട്ടപിടിച്ച് ഉണ്ടാകുന്ന പക്ഷാഘാതത്തിന് (Thrombotic) ക്ലോട്ട് അലിയിപ്പിക്കുന്നതിനുള്ള ത്രോമ്പോലൈസിസ് നടത്തുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. പക്ഷാഘാതം വന്ന രോഗികൾക്ക് പുനരധിവാസത്തിനായി സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലി ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) ആരോഗ്യ വകുപ്പിൽ ന്യൂറോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് കൊച്ചിയിലെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ സഹകരണത്തോടുകൂടി പക്ഷാഘാതത്തിനുള്ള ടെലി ക്ലിനിക്കുകൾ |

ആരംഭിച്ചിട്ടുണ്ട്. ഇതിനായി അമൃതാ ഇൻസ്റ്റിറ്റ്യൂട്ടിലെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലി ന്യൂറോളജി യൂണിറ്റുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുത്ത ആശുപത്രികളിൽ ടെലി മെഡിസിൻ സംവിധാനം ശക്തിപ്പെടുത്തുകയും ഫിസിഷ്യൻമാർക്ക് ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷാഘാത ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് (ടിഷ്യൂ പ്ലാസ്മിനോജിൻ ആക്ടിവേറ്റർ ) എൻ.എച്ച്. എം. വഴി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പക്ഷാഘാത രോഗികൾക്ക് സ്ട്രോക്ക് റിഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

(സി) പക്ഷാഘാതം വന്ന രോഗികളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ സജ്ജരാക്കുന്ന പക്ഷാഘാത പുനരധിവാസ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പേശികളും ഞരമ്പുകളും ഉത്തേജിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ ഇതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ മെഡിസിൻ യൂണിറ്റിന്റെ സഹായത്തോടെയാവും ഈ യൂണിറ്റുകൾ പ്രവർത്തിക്കുക. 2014-15 വർഷത്തെ വയോജന ആരോഗ്യ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 142 ലക്ഷം രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ